*Meridian vol. 12 (2). 49-59 June 2023* *ISSN: 2278-750x*

# മലബാർകുടിയേറ്റാഖ്യാനവും സ്ത്രീജീവിതവ്യതിയാനങ്ങളും: ബെസ്പുർക്കാന മുൻനിർത്തിയുള്ള പഠനം

**ഫെൽബിൻ ആന്റണി**
**ഗവേഷകൻ**
**കെ. കെ. ടി. എം. ഗവ. കോളേജ് പുല്ലൂറ്റ്**

**സംഗ്രഹം**

ആഖ്യാനത്തിന്റെ മൗലിക ലക്ഷണങ്ങളിലൊന്നാണ് സ്ഥലികത (spatiality). സ്ഥലികത കഥയിലെ സംഭവങ്ങൾ നടക്കുന്ന സ്ഥലത്തെ സംബന്ധിക്കുന്ന പദമാണ്. ആഖ്യാനസ്ഥലത്തെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും സ്ഥലികത എന്ന പരികല്പനയിൽ വിഷയമാകുന്നു. കുടിയേറ്റത്തിന്റെ ഫലമായി ആഖ്യാനരൂപങ്ങളിലെ ആഖ്യാനയിടങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളിൽ സ്ഥലികത എന്ന പരികല്പനയുടെ പ്രായോഗികതയ്ക്ക് വലിയ സാധ്യതയുണ്ട്. തിരുവിതാംകൂറിൽ നിന്നും മലബാറിലേക്കുള്ള സ്ഥാനചലനം മലയാളിയുടെ കുടിയേറ്റചരിത്രത്തിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ്. മലബാർകുടിയേറ്റത്തെ വിഷയമാക്കി കെ. ജെ. ബേബി എഴുതിയ 'ബെസ്പുർക്കാന' എന്ന നോവലിൽ കുടിയേറ്റത്തിലൂടെ സംഭവിച്ച സ്ഥാനഭ്രംശങ്ങളുടെ ഭാഗമായി സ്ത്രീകളുടെ ജീവിതക്രമത്തിലുണ്ടായ മാറ്റങ്ങളെ എപ്രകാരം ആഖ്യാനവിധേയമാക്കി എന്ന് അന്വേഷിക്കുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം. നോവലിലെ ആഖ്യാനയിടങ്ങളിലെ പ്രത്യേകതകളും അതിനിടയിലെ വ്യതിയാനങ്ങളും സ്ത്രീയുടെ ഇടത്തെ അടയാളപ്പെടുത്തുന്നതിൽ ചെലുത്തിയ സ്വാധീനവും സ്ഥലികത എന്ന പരികല്പനയെ മുൻനിർത്തി പരിശോധിക്കുന്നു

***താക്കോൽ വാക്കുകൾ*** : സ്ഥലികത(spatiality), കുടിയേറ്റാഖ്യാനങ്ങൾ, മലബാർ കുടിയേറ്റം, സ്ത്രീ ഇടങ്ങൾ.

**ആമുഖം**

ആഖ്യാനം എന്നതിന് പറച്ചിൽ എന്ന് ലളിതമായി പറയാം. സാങ്കല്പിക ലോകത്തിലേക്ക് പ്രേക്ഷകനെ എത്തിക്കുവാൻ ഒരു ആഖ്യാതാവ് വേണമെന്നുള്ളത് സാഹിത്യത്തിലെ ചിന്താപരമായ വസ്തുതയാണ്. അവതരിപ്പിക്കുന്ന വിഷയത്തിന് അർത്ഥവ്യാപ്തി നൽകി വ്യത്യസ്ത രീതിയിൽ ആവിഷ്കരിക്കാനുള്ള അവസരം ആഖ്യാതാവിനുണ്ട്. അതുകൊണ്ട് തന്നെയാണ് വ്യത്യസ്തതയുള്ള ആഖ്യാനതന്ത്രങ്ങൾ ആവിഷ്കാരങ്ങളുടെ ഭാഗമാകുന്നതും. ഒരു കഥാസാമഗ്രി

തെരഞ്ഞെടുക്കുകയും ക്രമീകരിക്കുകയും സമയബന്ധിതമായി പ്രത്യേകരീതിയിലുള്ള അനുഭവം വായനക്കാരനിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങളാണ് ആഖ്യാനം എന്ന് ഡേവിഡ് ബോർവെൽ അഭിപ്രായപ്പെടുന്നു.(സുരേന്ദ്രൻ പി.കെ,2021). ഇതിവൃത്തം, കഥാപാത്രങ്ങൾ, സ്ഥലം, കാലം, ദർശനം, ആഖ്യാനത, മാധ്യമത എന്നിങ്ങനെയുള്ള ഘടകങ്ങളിലെ വൈവിധ്യത ആഖ്യാനങ്ങളുടെ പുതുമ നിർണ്ണയിക്കുന്നു. പൂർണ്ണമായും വ്യാഖ്യാനിക്കാൻ കഴിയുന്ന ഒന്നല്ല ആഖ്യാനങ്ങൾ. അതിനാൽ തന്നെ ആഖ്യാനതന്ത്രങ്ങൾ വിസ്മരിച്ചുകൊണ്ടുള്ള സാഹിത്യപഠനങ്ങൾ അപൂർണ്ണമാണ്. പറയാൻ ഉദ്ദേശിക്കുന്ന ജീവിത മുഹൂർത്തങ്ങൾക്ക് എന്തു രൂപം നൽകണമെന്ന ആഖ്യാതാവിന്റെ കാഴ്ചപ്പാടിൽ നിന്നാണ് ഓരോ ആഖ്യാനതന്ത്രങ്ങളും രൂപംകൊള്ളുന്നത്. എല്ലാ കഥകളിലും ആഖ്യാനത്തിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ സാന്നിധ്യമുണ്ട്. ആഖ്യാനത്തെ നിർണ്ണയിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന ഘടകങ്ങളെ സവിശേഷമായി അപഗ്രഥനത്തിന് വിധേയമാക്കുകയാണ് ആഖ്യാനപഠനങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. ഇതിവൃത്തം, കഥാപാത്രങ്ങൾ, ആഖ്യാനപരിപ്രേക്ഷ്യം, സ്ഥലം, കാലം, ദർശനം, ആഖ്യാനത, മാധ്യമത എന്നിവയാണ് പ്രധാനപ്പെട്ട ആഖ്യാനഘടകങ്ങൾ.

## സ്ഥലികതയും കുടിയേറ്റാഖ്യാനങ്ങളും

ആഖ്യാനത്തിന്റെ മുഖ്യലക്ഷണങ്ങളിലൊന്നാണ് സ്ഥലികത(spacality)."സ്ഥലികത ഒരു പദസമുച്ചയമാണ്. സ്ഥലികതയിൽ ആദ്യമായി നിർവചിക്കേണ്ടത് 'ആഖ്യാനസ്ഥലം (narrative space)ത്തെയാണ്. ഈ സംജ്ഞ പല തലങ്ങളിലായി അർഥം ഉൽപാദിപ്പിക്കുന്നു. കഥാജനകത്തിനൊരു സ്ഥലസങ്കൽപ്പമുണ്ടാകും. കഥ ഏതൊക്കെ സംഭവങ്ങളെ പ്രതിനിധാനം ചെയ്യുന്നുവോ അവ നടക്കുന്ന സ്ഥലമാണ് മേൽസൂചിപ്പിച്ച സ്ഥലസങ്കൽപ്പം. ഒരു ആഖ്യാനത്തിൽ ഈ സങ്കൽപ്പം ആഖ്യാതാവിന്റെ ഭാവനയുടെ സ്വാധീനത്തിൽ മാറ്റത്തിനു വിധേയമാകും." (ഡി.രാധാകൃഷ്ണൻ നായർ : 2000 : 52) ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് വ്യത്യസ്തമായ കാരണങ്ങൾ കൊണ്ട് സ്ഥിരമായോ താൽകാലികമായോ നടത്തുന്ന വാസമാറ്റമാണ് കുടിയേറ്റം. രണ്ടോ അതിലധികമോ സ്ഥലങ്ങൾ ബന്ധപ്പെടുന്ന പ്രക്രിയ കൂടിയാണ് കുടിയേറ്റം. സ്വാഭാവികമായും

കുടിയേറ്റാഖ്യാനങ്ങളിൽ സ്ഥലം എന്ന ആഖ്യാനഘടകത്തിന് ഏറെ പ്രാധന്യമുണ്ട്. വ്യത്യസ്ത ആഖ്യാനയിടങ്ങളിലെ അന്തരവും ആഖ്യാനയിടങ്ങൾ മാറുന്നതിനുള്ള കാരണങ്ങളും പുതിയ ഇടത്തെ വ്യവഹാരങ്ങളും പഴയ ഇടത്തെ ഓർമ്മകളും എല്ലാം ഇത്തരം ആഖ്യാനങ്ങളുടെ സവിശേഷതയാകുന്നു. കുടിയേറ്റാഖ്യാനങ്ങളിൽ സ്ഥലികതയ്ക്ക് എന്തുകൊണ്ട് പ്രാധാന്യം ഉണ്ടാകുന്നു എന്നത് പ്രസക്തമായ ചോദ്യമാണ്. സ്ഥാനഭ്രംശങ്ങളുടെ ഫലമായി ഉണ്ടാകുന്ന ഇടങ്ങളിലെ വ്യതിയാനം കുടിയേറ്റം എന്ന പ്രക്രിയയുടെ അടിസ്ഥാനമാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഏറെ പ്രാധ്യന്യമുള്ള ഒന്നാണ് മലബാർ ഹൈറേഞ്ച് കുടിയേറ്റങ്ങൾ. ധാരാളം സാഹിത്യകൃതികളും ഈ വിഷയത്തിൽ ഉണ്ടായിട്ടുണ്ട്. തിരുവിതാംകൂർ, മലബാർ എന്നീ രണ്ട് ഇടങ്ങളിൽ നിന്നുകൊണ്ടുള്ള കൊടുക്കൽ വാങ്ങലുകൾ ഇത്തരം കൃതികളുടെ പ്രത്യേകതയാണ്. ഒരു ചരിത്ര വസ്തുത എന്ന നിലയിൽ കുടിയേറ്റത്തെ ആഖ്യാനത്തിന്റെ ഭാഗമാക്കുമ്പോൾ വെല്ലുവിളികൾ ഏറെയുണ്ട്.

**മലബാർകുടിയേറ്റാഖ്യാനവും സ്ത്രീജീവിതവ്യതിയാനങ്ങളും**

ഇരുപതാം നൂറ്റാണ്ടിൽ തിരുവതാംകൂർ ഭാഗത്തു നിന്ന് മലബാർ മേഖലയിലേക്ക് കൃഷിയാവിശ്യങ്ങൾക്കായി കർഷകർ നടത്തിയ കുടിയേറ്റത്തെയാണ് മലബാർ കുടിയേറ്റം എന്ന് വിശേഷിപ്പിക്കുന്നത്. 1920-കളിൽ തുടങ്ങിയ ഈ കുടിയേറ്റം 1980-കൾ വരെയും ഉണ്ടായിരുന്നു. സ്വതന്ത്രപൂർവ്വ ഇന്ത്യയിൽ മദ്രാസ് പ്രവിശ്യയ്ക്കു കീഴിലായിരുന്നു മലബാർ. ഇരുപതാം നൂറ്റാണ്ടിൽ മധ്യതിരുവതാംകൂറിലെ ജനസംഖ്യ അധികരിക്കുകയും, എന്നാൽ കൃഷിഭൂമിയുടെ വിസ്താരം കൂടുതലില്ലാതെ തുടരുകയും ചെയ്തു. മലബാർ മേഖലയിലുള്ള സ്ഥലങ്ങളിലെ കൃഷിസാധ്യത മനസ്സിലാക്കി പലരും ഇവിടങ്ങളിലേക്ക് കുടിയേറിപ്പാർത്തു. പ്രാദേശിക ജന്മികളുടെയും, രാജാക്കന്മാരുടെയും കയ്യിൽ നിന്ന് സ്ഥലം വാങ്ങി തോട്ടങ്ങൾ നിർമ്മിച്ചു. ഇത്തരത്തിൽ അഭിവൃദ്ധി നേടിയ കർഷകരുടെ അനുഭവങ്ങളിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് കൂടുതൽ ആളുകൾ മലബാറിലേക്കെത്തി. 1950 ആയപ്പോഴേക്കും കുടിയേറ്റം അതിന്റെ പാരമ്യത്തിലെത്തിയിരുന്നു.

മലബാറിൽ കുടിയേറിയ തിരുവിതാംകൂർ ജനതയുടെ ജീവിതക്ലേശങ്ങൾ അടയാളപ്പെടുത്തി കൊണ്ടാണ് 1948-ൽ എസ്. കെ. പൊറ്റക്കാട്ട് വിഷകന്യക

എന്നനോവലെഴുതിയത്.
മലമ്പനിയും, പ്രകൃതിക്ഷോഭവും, കൃഷിനാശവും കൊണ്ട് പൊറുതി മുട്ടിയ ആദ്യകാല കുടിയേറ്റക്കാരുടെ ദൈന്യത ഈ നോവലിൽ വായിച്ചെടുക്കാൻ കഴിയും. ആദ്യകാല കുടിയേറ്റകാലത്തെ ഭീതിദമായ പശ്ചാത്തലവും വിഷകന്യകയിൽ നിറഞ്ഞുനിൽക്കുന്നു. കാക്കനാടന്റെ ഒറോത, തോമസ് വർക്കിയുടെ ചുരം, കെ. ജെ. ബേബിയുടെ ബസ്ബുർക്കാന, വിനോയി തോമസിന്റെ കരിക്കോട്ടക്കരി, പുറ്റ്, ഷീലാ ടോമിയുടെ വല്ലി തുടങ്ങിയ നോവലുകൾ മലബാർ കുടിയേറ്റം വിഷയമാകുന്ന ശ്രദ്ധേയമായ നോവലുകളാണ്.
സ്ഥലം എന്നത് എല്ലാ ജീവജാലങ്ങൾക്കും അനുഭവവേദ്യമായ ഒരു ഭൗതികയാഥാർത്ഥ്യമാണങ്കിലും അതിന്റെ ഭൗതികസ്വഭാവത്തിനപ്പുറം മനുഷ്യന്റെ മാനസിക-വൈകാരിക-ജീവിതബോധപരമയ തലങ്ങൾകൂടി ഉൾക്കൊള്ളുന്നതാണ് 'ഇടം' കുടിയേറ്റാനന്തരം എത്തപ്പെടുന്ന ഇടവുമായി പൊരുത്തപ്പെട്ട് പുതിയ ഇടവുമായി ചേർന്നു പോകാൻ മനുഷ്യർ ശ്രമിക്കുന്നു. തങ്ങൾ വ്യാപരിക്കുന്ന ഒരോ മേഖലയിൽ തങ്ങളുടെതായ ഇടം കണ്ടെത്തുന്നു. ഭൂമിശാസ്ത്രപരമായ ഇടം, തൊഴിൽ ഇടം, സാംസ്കാരിക ഇടം, അധികാരത്തിന്റെ ഇടം വൈകാരിക ഇടം, സ്ത്രീയുടെ ഇടം ഇങ്ങനെ ഇടത്തെക്കുറിച്ചുള്ള വ്യത്യസ്തമായ ചിന്തകൾ ആഖ്യാനവുമായി ചേർത്തുവയ്ക്കാൻ കഴിയും. കെ. ജെ. ബേബിയുടെ ബെസ്പുർക്കാന എന്ന നോവലിൽ കുടിയേറ്റാനന്തരം സ്ത്രീ ഇടങ്ങൾക്കുണ്ടാവുന്ന വ്യതിയാനങ്ങളെ സ്ഥലികത എന്ന പരികല്പന മുൻനിർത്തി അന്വേഷിക്കുകയാണ് തുടർന്ന്.

**ബെസ്പുർക്കാന**

മലബാർ കുടിയേറ്റത്തെ അടിസ്ഥാനമാക്കി കെ. ജെ. ബേബി എഴുതിയ നോവലാണ് ബെസ്പുർക്കാന. 2006ലാണ് നോവൽ പ്രസിദ്ധീകരിച്ചത്. കോട്ടയത്ത് നിന്നും മലബാറിലേക്ക് കുടിയേറുന്ന ഉണ്ടപ്ലാഞ്ചോട്ടിൽ എന്ന കുടുംബത്തിന്റെ കഥയാണ് ബസ്പുർക്കാന പറയുന്നത്. നോവലിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ 1940കളിലാണ് കഥ നടക്കുന്നത് എന്ന് മനസ്സിലാക്കാം. കുടിയേറ്റക്കാരന്റെ പരിപ്രേക്ഷ്യത്തിൽ നിന്നാണ് നോവൽ ആഖ്യാനം നിർവഹിച്ചിരിക്കുന്നത്. അതിനാൽതന്നെ ആഖ്യാനസ്ഥലത്തെക്കുറിച്ചുള്ള ചിന്തകൾക്കും ആഖ്യാനപരിപേക്ഷ്യവുമായി അടുത്ത ബന്ധം കാണുവാൻ കഴിയും. ക്രൈസ്തവജീവിതത്തിന്റെ അടയാളപ്പെടുത്തലുകളും

ജീവിതപരിസരവുമാണ് നോവലിൽ കൂടതലായും കാണാൻ കഴിയുന്നത്. ക്രിസ്തീയ ജീവിതപരിസരവുമായി ബന്ധപ്പെട്ടാണ് നോവലിലെ സ്ഥലചിന്തകൾ വികസിക്കുന്നതും. ബെസ്പുർക്കാന എന്നാൽ ക്രൈസ്തവ സങ്കല്പപ്രകാരം ശുദ്ധീകരണസ്ഥലം എന്നാണ് അർത്ഥമാകുന്നത്. മലബാറിലേക്ക് കുടിയേറിയവർ ശുദ്ധീകരണസ്ഥലത്തിനു സമമായ സാഹചര്യങ്ങളിലൂടയാണ് കടന്നുപോകുന്നതെന്ന ധ്വനി ആഖ്യാതാവ് പങ്കുവയ്ക്കുന്നു. വയനാട്ടിലെ വള്ളിക്കാട് ഉണ്ടപ്ലാച്ചോട്ടുകാർക്ക് ശുദ്ധീകരണസ്ഥലമാകുന്നു. ആഖ്യാനയിടങ്ങളെ അവതരിപ്പിക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന സങ്കേതങ്ങൾ പ്രത്യേകം പരാമർശിക്കേണ്ടതു തന്നെയാണ്. ബസ്പുർക്കാന എന്ന പേരിൽ തുടങ്ങി ബൈബിളിലെയും ചരിത്രത്തിലെയും വിവിധ സന്ദർഭങ്ങളുടെ സാധ്യതകളെ ആഖ്യാനത്തിന്റെ ഭാഗമാക്കാനും അത് സ്ഥലസംബന്ധിയായ ചിന്തകളെ ശക്തിപ്പെടുത്താനും ഉപയോഗിച്ചിരിക്കുന്നതായി കാണാം. അബ്രഹാമിന്റെ യാത്രയും ക്രിസ്തുവിന്റെ കാൽവരി യാത്രയും രാമലക്ഷ്മണൻമാരുടെ വാനവാസവും കുടിയേറ്റത്തിന്റെ ഭാഗമായി ഉണ്ടാവുന്ന സ്ഥാനചലനങ്ങളോട് ബന്ധപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ആഖ്യാതാവ് നടത്തിയിരിക്കുന്നു. തിരുവിതാംകൂറും മലബാറും രണ്ട് ആഖ്യാനയിടങ്ങളാകുന്നു. കോട്ടയവും വയനാടും, അല്പംകൂടി കേന്ദ്രീകരിക്കുകയാണെങ്കിൽ മീനച്ചിലും വള്ളിക്കാടും എന്നു പറയാൻ കഴിയും. മീനച്ചിലിൽ നിന്നും വള്ളിക്കാട്ടിലേക്കു സ്ഥാനചലനം നടത്തുമ്പോൾ വിവിധ ഘട്ടങ്ങളിൽ കുടിയേറ്റജീവിതത്തിന്റെ വെല്ലിവിളികളികളിലൂടെ കടന്നു പോകുന്ന സ്ത്രീ കഥാപാത്രങ്ങളെ നോവലിൽ കണ്ടെത്താൻ കഴിയുന്നു.

**സ്ത്രീ ഇടം**

ഒരു ഇടത്തു നിന്നും മറ്റൊരു മറ്റൊരിടത്തേക്ക് കുടിയേറുമ്പോൾ ആ ചലനങ്ങൾ വ്യക്തിചിന്തകളെ അസ്ഥിരമാക്കുന്നു. കുടിയേറ്റത്തിലൂടെ സംഭവിക്കുന്ന സ്ഥാനഭ്രംശം സ്ത്രീകളുടെ ശാരീരികവും മാനസികവും വൈകാരികവുമായ അവസ്ഥകളെ എപ്രകാരം സ്വാധീനിക്കുന്നു എന്നത് പ്രസക്തമായ വിഷയമാണ്. കുടിയേറ്റാനന്തരം രൂപപ്പെടുന്ന സ്ത്രീ ഇടത്തെ ബസ്പുർക്കാനയിൽ എപ്രകാരമാണ് അവതരിപ്പിച്ചിരിക്കുന്നത് എന്നന്വേഷിക്കുകയാണ് തുടർന്ന്. നോവലിന്റെ 12-ാം അധ്യായത്തിൽ മലബാറിലേക്ക് കുടിയേറിയതിനു

ശേഷമുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് ഒരോ കഥാപാത്രങ്ങളും ആത്മഗതം ചെയ്യുന്നത് ആഖ്യാതാവ് അവതരിപ്പിക്കുന്നുണ്ട്. പുരുഷകേന്ദ്രീകൃതമായ ആഖ്യാനപരിപ്രേക്ഷ്യത്തിൽ സ്ത്രീ കഥാപാത്രങ്ങളുടെ മാനസിക വ്യവഹാരങ്ങളെ കൃത്യമായി അവതരിപ്പിക്കാൻ ആഖ്യാതാവിനാകുന്നിലെങ്കിലും സ്ഥാനാഭ്രംശത്തിലൂടെ സ്ത്രീകളുടെ ജീവിതത്തിൽ സംഭവിച്ച വ്യതിയാനങ്ങളെ അടയാളപ്പെടുത്താൻ ആഖ്യാതാവിന് കഴിയുന്നുണ്ട്. തങ്ങൾ അധിവസിച്ചിരുന്ന ചുറ്റുപാടിൽ നിന്നും മെച്ചപ്പെട്ട ഒരു ജീവിതം സ്വപ്നം കണ്ടാണ് ഓരോ സ്ത്രീയും കുടിയേറാൻ ഒരുങ്ങുന്നത്. ആണുങ്ങളിൽ ചിലർ മലബാറിൽ പോയി സ്ഥലം കണ്ടു തിരിച്ചുവന്നതിനു ശേഷം നല്കുന്ന വിവരണങ്ങളിൽ നിന്നാണ് മലബാറിനെക്കുറിച്ചുള്ള ചിന്തകൾ സ്ത്രീകളിടെ മനസ്സിൽ രൂപപ്പെടുന്നത്. എന്നാൽ ചിന്തകളിൽ രൂപപ്പെട്ട ഇടങ്ങളിൽ നിന്നും വ്യത്യസ്തമായ ഇടത്തേക്കാണ് ഓരോ വ്യക്തികളും എത്തിയത്. അവർ കടന്നുപോയ അനുഭവങ്ങളും അത്തരത്തിൽ വ്യത്യസ്തത ഉള്ളതായിരുന്നു. ദാരിദ്ര്യത്തിൽ ആയിരുന്നെങ്കിലും തങ്ങൾ ജീവിച്ചിരുന്ന പൂർവ്വഇടത്തെക്കുറിച്ചുള്ള ഓർമ്മകൾ അവരെ പിന്തുടരുന്നു. സ്വാഭാവികമായും ഈ വ്യതിയാനങ്ങൾ ആഖ്യാനങ്ങളുടെ ഭാഗമാകുന്നു. ഇവിടെ തിരുവിതാംകൂറും മലബാറും രണ്ട് ആഖ്യാനയിടങ്ങൾ ആകുമ്പോൾ സ്ഥാനചലനങ്ങൾ വ്യക്തികളുടെ ഇടങ്ങളിൽ സൃഷ്ടിക്കുന്ന മാറ്റങ്ങൾക്കു പ്രാധാന്യമുണ്ട്. ഈ ഘടകം ഓരോ കഥാപാത്രങ്ങളുടെ മാനസിക വ്യവഹാരങ്ങളിലൂടെ എപ്രകാരം ആഖ്യാനവിധേയമാക്കി എന്നു അന്വേഷിക്കുകയാണ് തുടർന്ന്.

**തെയ്യാമ്മ**

ഏറെ പ്രതീക്ഷകളോടെ മലബാറിലേക്ക് എത്തിയ തെയ്യാമ്മക്ക് പ്രതീക്ഷകൾക്കു വിപരീതമായ സാഹചര്യങ്ങളിലൂടെ കടന്നുപോകണ്ടിവരുന്നു. തങ്ങളുടെ അടിസ്ഥാന ആവിശ്യങ്ങളെപോലും പരിഗണിക്കാത്ത പുരുഷന്മാരോടുള്ള നീരസം തെയ്യാമ്മക്കുണ്ട്. മീനച്ചിലിൽ ആയിരുന്നപ്പോൾ താൻ വ്യവഹരിച്ചിരുന്ന സാമൂഹിക അന്തരീക്ഷത്തെക്കുറിച്ചും തെയ്യമ്മ ഓർക്കുന്നു. മികച്ച ജീവിതചുറ്റുപാടിലേക്കാണ് തങ്ങൾ എത്തിപ്പെടാൻ പോകുന്നതെന്നു പറയുകയും എന്നാൽ അതിനു വിപരീതമായ അവസ്ഥ പ്രായോഗികതലത്തിൽ വന്നതും തെയ്യാമ്മയെ അസ്വസ്ഥമാക്കുന്നു. ആ സാഹചര്യത്തെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്.

“നാട്ടിൽ വന്നേപ്പിന്നെ ആദ്യായിട്ട് അടുക്കള വിട്ട് പുറത്തേക്കു പോയതാണ് -എന്റപ്പോ! ആരൊണ്ടോർക്കാൻ. ഓർക്കണ്ട് പുള്ളിമുറുക്കിക്കൊണ്ട് ഏത് നേരോം പണിയേ പണിയെന്നും പറഞ്ഞ് നടക്കില്ല. നാട്ടിലാരുന്നപ്പം ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പള്ളി പോകാരുന്നു. എല്ലാം കാണാരുന്നു. നാട്ടിലെ വീട്ടുകാര്യങ്ങളൊക്കെ അറിയാരുന്നു. ഇവിടെ ഭരണങ്ങാനം പള്ളിയേക്കാ വല്യ പള്ളിയുണ്ടെന്ന് ആ കേമനന്ന് പറയുന്നത് കേട്ടു. എന്ത് പള്ളിയാ? മാഹി പള്ളി, എവിട്യാ ഇവന്റെ മാഹി. എന്റെ മാതാവേ, അഞ്ചു നാഴിക നടക്കണം ഇവിടത്തെ യൗസേപ്പ് പിതാവിന്റെ പള്ളി പോണെ. അച്ഛനും നാട്ടുകാരും കൂടി പള്ളിക്കടവിലേക്കുള്ള വഴിവെട്ടിയാ... കുരിശും കൊടേം കൊണ്ടുവന്നു പള്ളിലടക്കാനെങ്കിലും പറ്റും. എന്റീശോയെ, നാട്ടിലെ ഒരു വിവരോം അറിയത്തില്ലല്ലോ. തോമ്മച്ചന്റെ കാര്യം എന്തായെന്നാർക്കറിയാം. ഒറ്റയ്ക്കങ്ങനെ കള്ളും കുടിച്ച് നടക്കുന്നുണ്ടാവും. ഉള്ളില് പടുതി വീണപോലെ, ആങ്ങളേനെ ഒന്ന്കണ്ട് പറയാമ്പോലും ഈ പെങ്ങക്കായില്ലല്ലോ. ഇനി എന്നെങ്കിലും കാണാമ്പറ്റോ?” (ബേബി കെ. ജെ. .:2008: 147)

തന്റെ സഹോദരനെ കാണാൻ കഴിയാത്തതിലുള്ള ദുഃഖവും തെയ്യമ്മ പ്രകടിപ്പിക്കുന്നു. മലബാറിലേക്കുള്ള സ്ഥാനചലനം തെയ്യാമ്മയെ അസന്തുലിതമായ ഒരു ജീവിതക്രമത്തിലേക്കാണ് കൊണ്ടുചെന്നെത്തിച്ചത്. തന്റെ പരിമിതികളിൽ നിന്നുകൊണ്ട് സ്വയം സമാധാനിക്കുന്ന കഥാപാത്രമായി തെയ്യമ്മ മാറുന്നു. ആദ്യകാല മലബാർകുടിയേറ്റ ജീവിതങ്ങളുടെ സ്ത്രീപ്രധിനിധാനമായി തെയ്യമ്മ മാറുന്നുണ്ട്.

**കുട്ട്യമ്മ**

ഗർഭിണി ആയ കുട്ട്യമ്മയെ സംബന്ധിച്ച് ആകുലതകൾ മറ്റ് വിധത്തിലായിരുന്നു.

പരിമിതികളുള്ള സ്ഥലത്ത് എപ്രകാരം പ്രസവം നടക്കും എന്നോർത്ത് അവർ ഭയപ്പെടുന്നു. അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത അവരെ ഏറെ ബുദ്ധിമുട്ടിലാക്കുന്നു. നാട്ടിലേക്കു ആശയവിനിമയം നടത്തുന്നതിനും പ്രസവത്തിന് തന്നെ കൂട്ടികൊണ്ട് പോകാൻ അപ്പനോട് പറയാൻ കത്ത് എഴുതാനും കുട്ട്യമ്മ ആഗ്രഹിക്കുന്നു. അവരുടെ ചിന്തകളെ നോവലിസ്റ്റ് ഇങ്ങനെ അവതരിപ്പിക്കുന്നു.

“രണ്ടേ രണ്ടു കാര്യങ്ങളേ ഞാൻ ആവശ്യപ്പെട്ടിട്ടുള്ളൂ. ഒന്ന് അപ്പന് ഒരു കത്തെഴുതാനുള്ള സാമഗ്രികളെത്തിക്കുക. രണ്ട്, വെളിക്കിറങ്ങാൻ ഒരു കുഴി കുത്തി മറച്ചുതരിക. യഥാർത്ഥത്തിൽ രണ്ടും പ്രശ്നം തന്ന്യാണ്. പേറ്റിന്

കൊണ്ടാകാൻ അപ്പനേതായാലും വരണം. അതെന്നാന്നറിയുക. അത് ഇത്തിരി നേരത്തയാണെങ്കിലും മഴയ്ക്കു മുന്നെ നടത്തുക. എത്രയും വേഗം ഇവിടന്ന് പോണന്ന് തോന്നുന്നത് പേടികാരണമാണ്. മൂത്രമൊഴിക്കാമ്പോയിട്ട് വെള്ള മെടുക്കാൻ പോണെങ്കി വരെ ഇടംവലം ആള് വേണം. അട്ട മുതൽ ആനവരെ പേടിപ്പിക്കയാണ്. ഓരോ ചെത്തങ്ങളും കേട്ട് കഴിയുമ്പോഴേക്കും തന്റെ നെഞ്ചിടിപ്പിനെക്കാ വലിയ ഇടിപ്പാണ് വയറ്റീന്ന് കേക്കുന്നത്. പുഴക്ക് പോയാ അതി കൂടുതല് പേടി. ഒരു കുഴി കുത്തി അത്യാവശ്യം മറച്ച് അത്യാവശ്യ കാര്യാങ്ങക്കി കാട്ടിലൂടെ ഓടണ്ടല്ലോ. എപ്പളും ആരെയോ വിളിക്കുക?. ചേച്ചമ്മേനേം കുഞ്ഞുപെണ്ണിനേം വിളിച്ച് മടുത്തു. ഒന്നല്ലേ അവരെന്താ കരുതുക.
വഴിവെട്ടാൻ പോകപ്പാ! എന്നാ ഈ കുഴി ഒന്ന് വെട്ടിത്തന്നാര്ന്നെങ്കി. ഇപ്പം, മഴയില്ലാത്തപ്പം ഇങ്ങന്യാ മഴപെയ്താലെന്തായിരിക്കും സ്ഥിതി. ഈ അപ്പനൊന്ന് വന്നാര്ന്നെങ്കി . തന്നെയാണെങ്കി
കൊഴപ്പമില്ലായിരുന്നു. വയറ്റിലൊരു കൊച്ചും കൂടി ഒണ്ടല്ലോ. അമ്മേം പറഞ്ഞതാ. ഒരുപക്ഷേ, അവർക്കത് മനസ്സിലാകാഞ്ഞിട്ടായിരിക്കും. ഇനീം കുഴി കുത്തിട്ടില്ലെങ്കി പീലിയോട് പറയും. പീലി രണ്ട് കുഴിയെങ്കിലും കുത്തിത്തരും. നോക്കട്ടെ കുഴികുത്താൻ വേറേ ആളെ കിട്ടോന്ന്. അല്ല പിന്നെ. (ബേബി കെ. ജെ. :2008: 151)
കുടിയേറ്റാനന്തരമുണ്ടാകുന്ന അടിസ്ഥാനസൗകര്യങ്ങളിലെയും ആശയവിനിമയഉപാധികളിലെയും പരിമിതികൾ വലിയ രീതിയിൽ വ്യക്തികളെ അസ്തിരപ്പെടുത്തുന്നു. നാട്ടിലെ വഴിവെട്ടാൻ പോകുന്ന പുരുഷന്മാർ സ്ത്രീകളുടെ അടിസ്ഥാനപ്രശ്നങ്ങളെപോലും പരിഗണിക്കാൻ ശ്രമിച്ചിരുന്നില്ല എന്ന വിമർശനവും ഇവിടെ കാണാം. തെയ്യമ്മയിൽ നിന്നും കുട്ടിയമ്മയുടെ കാര്യങ്ങൾ വ്യത്യസതപ്പെട്ടിരിക്കുന്നു. ഗർഭിണിയായ അവരുടെ ശാരീരികവും മാനസികവുമായ അവസ്ഥകൾക്ക് വേണ്ടരീതിയിലുള്ള പരിഗണന കിട്ടുന്നില്ല എന്ന വിഷമം അവൾക്കുണ്ട്. ഈ പ്രിതിസന്ധിഘട്ടത്തിൽ തന്റെ പൂർവ്വഇടത്തേക്ക് മടങ്ങൻ അവൾ ആഗ്രഹിക്കുന്നു. പരിമിതികൾ ഉള്ളപ്പോഴും ആശയവിനിമയത്തിനുള്ള സാധ്യതകളെ അവൾ തേടുന്നു. മലബാർകുടിയേറ്റത്തിന്റെ ആദ്യകാലഘട്ടത്തിൽ ആശയ വിനിമയത്തിനുള്ള പ്രതിസന്ധികളെ അടയാളപ്പെടുത്തുന്നു കൂടിയുണ്ട് ഈ സന്ദർഭം.

**ചിന്നമ്മ**

വൈവാഹിക ജീവിതത്തിലെ പ്രതിസന്ധികളെക്കുറിച്ച് അപ്പൻ പറഞ്ഞത് ഓർക്കുന്ന ചിന്നമ്മ മറ്റൊരു

സ്ത്രീ പ്രതിനിധാനമായി നിൽക്കുന്നു. ചിന്നമ്മയെ സംബന്ധിച്ചും പൂർവ ഇടത്തെക്കുറിച്ചും ആളുകളെക്കുറിച്ചുമുള്ള ചിന്തകൾ വലിയ അളവിൽ കാണുവാൻ കഴിയും. കുടിയേറ്റാഖ്യാനങ്ങളിൽ പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ് തങ്ങളുടെ പഴയ ഇടത്തെക്കുറിച്ചുള്ള ചിന്തകൾ. ഇവിടെ ആഖ്യാനം സ്ത്രീയുടെ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടുള്ളതാണെന്ന പ്രത്യേകതയുണ്ട് .

"ഇന്നും അപ്പൻ പോയിട്ടുണ്ടാവോ? ഒറ്റയ്ക്ക്...കള്ളുകുടിച്ചു. അപ്പൻ ഫിഡിൽ വായിക്കുന്നുണ്ടാവോ? അതോ ഛർദ്ദിച്ച് പുറംതിണ്ണയില് മലന്നടിച്ച കിടക്കുന്നുണ്ടാവ്വോ? കല്യാണത്തിന് മുൻപ് അപ്പൻ പറഞ്ഞതാണ് മോളെ നമ്മള് വിചാരിക്കുന്നപോലല്ല ഈ ഇടപാട്. അതിലൊക്കെ എത്രയോ സുഖമാ ഈ ഫിഡിലും വായിച്ചങ്ങനെ നടക്കുന്നത്... ഇപ്പം ശരിക്കും മനസ്സിലാകുന്നപ്പാ. ഈ ഇല്ലിക്കാട്ടില് കെടന്ന് കെട്ടിമറിയുമ്പം മനസ്സിലാവുന്നു."

വിവാഹാനന്തരം തന്റെ ജീവിതത്തിൽ ഇത്തരമൊരു സ്ഥാനചലനം ഉണ്ടാകുമെന്നോ ഈ വന പ്രദേശത്ത് വന്ന് കഷ്ടപ്പെടേണ്ടി വരുമെന്നോ ചിന്തിക്കാതിരുന്ന ചിന്നമ്മയുടെ വിചാരങ്ങൾ കുടിയേറ്റത്തിലൂടെ കടന്നുപോയ ഭൂരിഭാഗം സ്ത്രീകളുടെയും ചിന്തയാണ്. എന്നാൽ അതിന് അപവാദമായി നിൽക്കുന്ന കഥപാത്രമാണ് ചേച്ചമ്മ.

**ചേച്ചമ്മ**

ഭർത്താവ് മരണപ്പെട്ട് ഏകയായി കഴിയുന്ന ചേച്ചമ്മയെ സംബന്ധിച്ച് മലബാറിലേക്കുള്ള കുടിയേറ്റം പുത്തൻ ഉണർവ് നൽകി. ആ മാറ്റത്തെ ചേച്ചമ്മ വിലയിരുത്തുന്നത് ഇങ്ങനെയാണ്.

മലബാറിലേക്കുള്ള വരവ് പുതിയ ഒരു ലോകത്തിലേക്കുള്ള വഴി തുറക്കലായി. "സത്യത്തി അച്ചനിന്ന് പള്ളിക്കൂടവുമായി ബന്ധപ്പെടുത്തി തന്റെ പേര് പറഞ്ഞപ്പൊ വലിയൊരു വഴി തുറക്കലായിരുന്നു. കെട്ട്യോൻ ചത്ത പെണ്ണിനെ സംബന്ധിച്ചിടത്തോളം പുറംലോകത്തിലേക്കുള്ള വഴി, ദൈവവിളിപോലെയാണ് എനിക്കിത്. ഇപ്പോഴെനിക്ക് പള്ളിക്കൂടത്തിൽ മാത്രമല്ല കുര്യാനെ പലതിനും സഹായിക്കാനുമാവും. ആവശ്യമാണെങ്കി പാപ്പച്ചന്റെ രോഗീശുശ്രൂഷകൾക്കും പോകാനാവും. പ്രസവം മുതൽ മരണം വരെ ഒരുപാട് സഹായം ചെയ്യാനാവും. പക്ഷേ, ഇത് എളുപ്പമല്ല എന്നറിയാം പക്ഷേ, ദൈവസേനയിൽ ചേർന്ന നാളുമുതൽ താനിങ്ങനെയാണ് പോകേണ്ടിയിരുന്നതെന്ന് തോന്നിയിരുന്നു. പക്ഷേ, കല്യാണം വീട്ടുകാരുടെ പെണ്ണിനെക്കുറിച്ചുള്ള പേടി ആണുങ്ങളെന്തെങ്കിലും

ചെയ്യുവോന്നുള്ള പേടി അത് ചെയ്യുന്നോരുമുണ്ടാവും ചെയ്യാത്തോരുമുണ്ടാവും. നമ്മള് നല്ല തന്റേടത്തോടെ നിന്നാ ഒരുത്തനും ഒന്നും ചെയ്യേലാ...ഏതായാലും ഒരു ചെറിയ കോങ്കത്തി കയ്യി കര്ത്യേക്കണം. മനുഷ്യനത് മതി. നല്ല തെറിപോലും ഒരു ആയുധമാണ്."

ജീവിതത്തിന്റെ പ്രതിസന്ധി ഘട്ടങ്ങളിലൂടെ കടന്നു പോകുമ്പോഴും ഒരോ മാറ്റത്തെയും സ്ഥാനചലനങ്ങളെയും പുത്തൻ ഉണർവായി ചിന്തിക്കുന്ന ചേച്ചമ്മ കാക്കനാടന്റെ ഒറോതയെ ഓർമ്മപ്പെടുത്തുന്നു. ചേച്ചമ്മയെ സംബന്ധിച്ചും പൂർവ്വഇടത്തെക്കുറിച്ചും ആളുകളെക്കുറിച്ചുമുള്ള ചിന്തകൾ വലിയതോതിൽ കാണുവാൻ കഴിയും. കുടിയേറ്റാഖ്യാനങ്ങളിൽ പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ് തങ്ങളുടെ പഴയ ഇടത്തെക്കുറിച്ചുള്ള ചിന്തകൾ. മറ്റു സ്ത്രീകഥാപാത്രങ്ങളിൽ നിന്നും വ്യത്യസ്തമായി കുടിയേറ്റത്തെ തനിക്ക് അനുകൂലമായ ഒന്നായി ചിന്തിക്കുകയാണ് ചേച്ചമ്മ. പൂർവ്വയിടത്തെക്കുറിച്ചു അത്രനല്ല ഓർമ്മകളല്ല ചേച്ചമ്മക്കുള്ളത്. വിവാഹജീവിതത്തിലെ പ്രതിസന്ധികളും ദുരനുഭവങ്ങളിനിന്നും ജീവിതത്തെ തിരിച്ചു പിടിക്കാനുള്ള വഴിയായി ചേച്ചമ്മക്കു മലബാർ കുടിയേറ്റം. സ്ഥാനചലനങ്ങൾ വ്യക്തികളിൽ സൃഷ്ടിക്കുന്ന സ്വാധീനം ആ അർഥത്തിൽ വ്യതാസപ്പെട്ടിരിക്കുന്നു എന്ന് മനസിലാക്കാം. പുതിയ ഇടവും പഴയ ഇടവും തമ്മിലുള്ള അനുഭവങ്ങളിലെ അന്തരം ആ പ്രക്രിയയെ പ്രകടമായി സ്വാധീനിക്കുന്നു.

**മറിയം**

ദാരിദ്ര്യവും പട്ടിണിയുമാണ് ഉണ്ടപ്ലാചോട്ടുകാരെ കുടിയേറ്റത്തിന് പ്രേരിപ്പിക്കുന്നത്. എന്നാൽ അതിനെക്കുറിച്ച് ചിന്തിക്കാതെ അലസമനോഭാവത്തിൽ കഴിയുന്ന ഭർത്താവിന്റെ സ്വഭാവത്തിൽ അസ്വസ്തയായ മറിയത്തെ നോവലിസ്റ്റ് അവതരിപ്പിക്കുന്നുണ്ട്.

"ഈ കുഞ്ചാക്കോൻ കെട്ടാൻ ഒരു പോത്തുപോലത്തവനാണ്. തന്റെ അനിയൻ കൊച്ചപ്പിന്റത്രവരെ കഴകത്തോ ചിന്തയോ ഇല്ലാത്തവനാണ്. കുര്യനും കൊച്ചും കൊച്ചേപ്പും കൂടി ഇന്നിത്രേം ആൾക്കാരെ കൂട്ടീത് തന്നെ അദ്ഭുതം. എന്നാ ഈ മൊശകൊടന് അവരുടെ കൂടെ പോവുകയും ഇങ്ങനെയുള്ള നല്ല കാര്യങ്ങൾക്ക് കൂടുകേം ചെയ്യുക. അത് ചെയ്യൂല...വെറുതേ ഓരോന്ന് സംശയിച്ചങ്ങനെ നടക്കും. ഇന്നവിടെ യോഗം കൂടുമ്പോഴും ഒന്നല്ലാങ്കി മാറി നിക്കാ. ഇവനൊക്കെ എന്ത് ശില്പിയാന്നാ പറയുന്നെ? നല്ല ദേഷ്യം വരുന്നുണ്ട്."

ഇങ്ങനെ സ്ഥാനഭ്രംശങ്ങൾ സ്ത്രീ ജീവിതങ്ങളിൽ സൃഷ്ടിക്കുന്ന

വ്യതിയാനങ്ങളെ വ്യത്യസ്തമായ കഥാപാത്രങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുകയാണ് നോവലിസ്റ്റ് ചെയ്തിരിക്കുന്നത്. മീനച്ചിലിൽ നിന്നും വള്ളിക്കാട്ടിൽ എത്തിയതിനു ശേഷം നോയമ്പ് തുടങ്ങുന്ന ദിവസത്തിനു മുന്നേ എല്ലാവരും ഒത്തുചേരുന്നു. അന്നേ ദിവസം ഉറങ്ങുന്നതിനു മുന്നേ ഓരോരുത്തരുടെയും ചിന്തകൾ അവതരിപ്പിക്കുന്നതിനിടെയാണ് നോവലിസ്റ്റ് മേൽപ്പറഞ്ഞ കഥാപാത്രങ്ങളുടെ ചിന്തകളെയും ആഖ്യാനവിധേയമാക്കുന്നത്. ഒരോ കുടിയേറ്റങ്ങൾക്കും വ്യത്യസ്തമായ സ്വഭാവങ്ങളാണുള്ളത്. എന്നാൽ പെട്ടന്നുണ്ടാകുന്ന സ്ഥാനചലനങ്ങൾ ഒരോ വ്യക്തികളെയും എല്ലാ തരത്തിലും സ്വാധീനിക്കുന്നു. തങ്ങളുടേതായി കരുതിയിരുന്ന ഇടം വിട്ട് മറ്റൊരിടത്തേക്ക് പോകുമ്പോൾ ഉണ്ടാകുന്ന വ്യതിയാനങ്ങളും പഴയ ഇടവും പുതിയ ഇടവും തമ്മിലുള്ള താരതമ്യങ്ങളും കുടിയേറിയവരുടെ ചിന്തകളിൽ നിറഞ്ഞു നിൽക്കുന്നു. സ്ഥലികതയിൽ/ആഖ്യാനയിടങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എപ്രകാരം കഥാപത്രങ്ങളെ സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയുന്നതിനു കുടിയേറ്റഖ്യാനങ്ങളിലെ കഥാപത്രങ്ങളുടെ അപഗ്രഥനം സഹായിക്കുന്നു.

**ഉപസംഹാരം**

സ്ഥാനഭ്രംശങ്ങൾ പ്രമേയമാകുന്ന ആഖ്യാനങ്ങളിൽ സ്ഥലം എന്ന ഘടകത്തിന് പ്രാധാന്യം ഏറെയുണ്ട്. രണ്ടോ അതിലധികമോ ആഖ്യാനസ്ഥലങ്ങൾ കടന്നുവരാൻ സാധ്യതയുള്ള സാഹിത്യവിഭാഗമാണ് കുടിയേറ്റസാഹിത്യം. സ്ഥല-കാല ചർച്ചകൾ കുടിയേറ്റസാഹിത്യത്തിൽ കേന്ദ്രവിഷയങ്ങളിൽ ഒന്നാണ്. മലയാളസാഹിത്യത്തിൽ ചലനാത്മകമായി വികസിക്കുന്ന മേഖലയാണ് കുടിയേറ്റസഹിത്യം. കേരളത്തിന്റെ കുടിയേറ്റചരിത്രത്തിൽ പ്രാധാന്യമുള്ള ഒന്നാണ് മലബാർകുടിയേറ്റം. വിഷകന്യക മുതൽ വല്ലി വരെ നീളുന്ന നോവലുകളിൽ മലബാർകുടിയേറ്റം വിഷയമായിട്ടുണ്ട്. കെ. ജെ. ബേബി എഴുതിയ ബസ്പുർക്കാനയും ഈ ശ്രേണിയിൽ ഉൾപ്പെടുന്ന നോവലാണ്. അപ്രതിക്ഷിതമായി സംഭവിക്കുന്ന സ്ഥാനചലനങ്ങൾ വ്യക്തിജീവിതത്തിലെ സർവ്വതലങ്ങളെയും സ്വാധീനിക്കുന്നു. ഇത്തരം വ്യതിയാനങ്ങൾ ആഖ്യാനങ്ങളുടെ പ്രധാന ഉള്ളടക്കങ്ങളിൽ ഒന്നാകുന്നു. കുടിയേറ്റനാന്തരമുള്ള സ്ത്രീയിടത്തെക്കുറിച്ചുള്ള ചിന്തകൾ വികസിക്കുന്നതും ഈ അടിസ്ഥാനത്തിലാണ്. കുടിയേറ്റം സ്ത്രീജീവിതത്തിൽ സൃഷ്ടിക്കുന്ന മാറ്റങ്ങളെ നോവലുകളിൽ

കൃത്യമായി വായിച്ചെടുക്കാൻ കഴിയുന്നു. വികസിതമായ ഒരു പ്രദേശത്തുനിന്നും പരിമിതികളുള്ള ഒരിടത്തേക്ക് എത്തിപ്പെടുമ്പോൾ ഉണ്ടാകുന്ന വെല്ലുവിളികൾ സ്ത്രീകളെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നു. പുരുഷകേന്ദ്രീകൃതമായ കുടിയേറ്റശ്രമങ്ങൾക്കിടെ സ്ത്രീയുടെ അടിസ്ഥാനആവശ്യങ്ങളും ചിന്തകളും മറന്നു പോകുന്ന പുരുഷന്റെ പ്രവർത്തികളെ സ്ത്രീ ആത്മഗതങ്ങളിലൂടെ വിമർശനവിധേയമാക്കാൻ ആഖ്യാതാവ് ശ്രമിക്കുന്നു. പുരുഷന്റെ വീക്ഷണകോണിൽ നിന്നുള്ള ആഖ്യാനത്തിന്റെ പരിമിതി നിലനിൽക്കെ തന്നെ കുടിയേറ്റാനന്തരം സ്ത്രീകൾ കടന്നുപോകുന്ന ജീവിതാവസ്ഥകളെ ചിത്രീകരിക്കാൻ ആഖ്യാതാവിന് കഴിയുന്നുണ്ട്. ബസ്പുർക്കനയിലെ കുടിയേറ്റനന്തരമുള്ള സ്ത്രീജീവിതാഖ്യാനങ്ങളുടെ വിശകലനത്തിൽ നിന്നും ആഖ്യാനങ്ങളിൽ സ്ഥലികതയിൽ ഉണ്ടാകുന്ന മറ്റാങ്ങൾ കഥാപാത്രരൂപീകരണത്തെ പ്രകടമായ രീതിയിൽ സ്വാധീനിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുന്നു.

**സഹായകഗ്രന്ഥങ്ങൾ**

1. ആൻഡ്രൂസ് ജോസ്, പുറപ്പാടിന്റെ 100 വർഷങ്ങൾ, 2021, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം .
2. ജോസഫ് കെ.വി. ഡോ., നസ്രാണി മാപ്പിളമാർ സമ്പത് യത്നങ്ങളും കുടിയേറ്റങ്ങളും, 2014, കറന്റ് ബുക്സ് തൃശൂർ.
3. ബേബി കെ. ജെ., ബസ്പുർക്കാന, 2008, ഡി.സി.ബുക്സ്, കോട്ടയം.
4. രാധാകൃഷ്ണൻ നായർ ഡി., ആഖ്യാനവിജ്ഞാനം, 2000, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം .
5. വറുഗീസ് തോട്ടയ്ക്കാട്, ഒമ്പതു പതിറ്റാണ്ടുകൾ പിന്നിടുന്ന മലബാർ കർഷക കുടിയേറ്റം, 2014, ആത്മ ബുക്സ്, കോഴിക്കോട് .
6. ശിവദാസ് കെ. കെ., പ്രവാസം: പ്രതിനിധാനവും സർഗാത്മകതയും, 2020, ഇൻസൈറ്റ് പബ്ലിക്ക.
7. സുരേന്ദ്രൻ പി.കെ., ആഖ്യാനത്തിന്റെ പിരിയൻ കോണികൾ, 2021,പ്രാണത ബുക്ക്സ്,കൊച്ചി.